Draft #59 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 05-Oct-2019 03:39 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - സെക്ഷൻ ഓഫീസർ - സ്ഥാനക്കയറ്റം, നിയമനം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4737/AD A1/2019/എം.ജി.യു                                        പ്രിയദർശിനി ഹിൽസ്,തീയതി: 05.10.2019

---

പരാമർശം:-1. ശ്രീ. മഞ്ജുനാഥ് ജെ., സെക്ഷൻ ഓഫീസറുടെ 27.09.2019 തീയതിയിലെ അവധിയ്ക്കുള്ള അപേക്ഷ .
2. ശ്രീമതി. ബിന്ദു കുമാരി കെ., സെക്ഷൻ ഓഫിസറുടെ 01.10.2019 തീയതിയിലെ അവധിയ്ക്കുള്ള അപേക്ഷ
3. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016
4. ജി.ഒ.(പി) നമ്പർ 42/2010/പി. & എ.ആർ.ഡി. തീയതി 20.12.2010.

**<u>ഉത്തരവ്</u>**

ശ്രീ. മഞ്ജുനാഥ് ജെ., സെക്ഷൻ ഓഫീസർ Ac A III സെക്ഷൻ, 25.09.2019 മുതൽ 50 ദിവസത്തെ അവധിയ്ക്ക് പരാമർശം (1) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ശ്രീമതി. ബിന്ദു കുമാരി കെ.,സെക്ഷൻ ഓഫീസർ EI 20സെക്ഷൻ, പരാമർശം (2) പ്രകാരം 30.09.2019 മുതൽ 05.11.2019 വരെ അവധിയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച് താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, നിയമനം എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. ശ്രീ. ജോസഫ് അബ്രഹാം., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ EH 12 -നെ സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 36,600 - 79,200/- ശമ്പളസ്കെയിലിൽ ശ്രീ.മഞ്ജുനാഥ് ജെ., സെക്ഷൻ ഓഫീസർ അവധിയിൽ പ്രവേശിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവിൽ AcA III സെക്ഷനിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു.

2. ശ്രീമതി. വീണ പി.,അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പി&ഡി സെക്ഷനെ, സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 36,600 - 79,200/- ശമ്പളസ്കെയിലിൽ ശ്രീമതി.ബിന്ദു കുമാരി.കെ അവധിയിൽ പ്രവേശിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവിൽ EI 20 സെക്ഷനിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ. സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (3) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേക്ക് 01.04.2010 നോ അതിനു ശേഷമോ സ്ഥാനക്കയറ്റം / സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിക്കുള്ളിൽ ആറ് മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറ് മാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തിയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിൽ ശമ്പള നിർണ്ണയത്തിനു വേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ/ പ്രോ വൈസ്ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എ III/എഡി.എ.IV/എഡി.എ VI/എഡി.സി I/II/III/ എഫ്.സി.സി./എഡി.ബി.IX/
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂഎ.സി./CITAD
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #59 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 05-Oct-2019 03:39 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം